# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 1643** **02.07.2015 ൽ മറുപടിക്ക്**

## വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലെ ക്രമക്കേടുകൾ

| | ചോദ്യം<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിൽ നടത്തിയ പെർഫോർമൻസ് ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് ; | എ) | ഗ്രാമപഞ്ചായത്തുകളിൽ നടത്തി വരുന്ന പെർഫോമൻസ് ഓഡിറ്റ് മുഖ്യമായും ലക്ഷ്യമിടുന്നത്, പദ്ധതി നിർവ്വഹണ ത്തിന്റെ വിവിധ ഘട്ടങ്ങളിലും പഞ്ചായത്തിന്റെ വിവിധ ചുമതലകൾ ശരിയായ വിധത്തിൽ നിർവ്വഹി ക്കുന്നതിലും ജന പ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും മാർഗ്ഗ നിർദ്ദേശം നല്കുക എന്നതാണ്. ഇത് ഒരു തെറ്റ് തിരുത്തൽ പ്രക്രിയയും പഞ്ചായത്തിന്റെ പ്രവർത്ത നങ്ങളുടെ കാലികവും തുടർച്ച യായുള്ളതുമായ വിലയിരുത്തലിന് സഹായിക്കുന്ന സംവിധാനവുമാണ്. പെർഫോമൻസ് ഓഡിറ്റിൽ കണ്ടെത്തുന്ന വിവിധ ന്യൂനതകൾ അപ്പപ്പോൾത്തന്നെ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നല്കുകയും, അവയ്ക്ക് പരിഹാരം ഉണ്ടായോ എന്ന് തൊട്ടടുത്ത ഓഡിറ്റിൽ പരിശോധിക്കുകയും ചെയ്യുന്നു. പദ്ധതി നടത്തിപ്പിന്റെ നടപടിക്രമങ്ങളി ലുണ്ടാകുന്ന വീഴ്ചകൾ/പദ്ധതി നിർവ്വഹണ ത്തിലുണ്ടാകുന്ന പോരായ്മ/ കാലതാമസം/പാഴ്ചെലവ്/പദ്ധതി ഉപേക്ഷിക്കൽ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെടുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. |
| ബി) | ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി) | ജനപ്രതിനിധി/ഉദ്യോഗസ്ഥ തലങ്ങളി ലുണ്ടാകുന്ന പാളിച്ചകൾക്ക് പരമാവധി വേഗത്തിൽ പരിഹാരം കണ്ടെത്തു ന്നതിനാണ് പെർഫോമൻസ് ഓഡിറ്റ് പ്രാധാന്യം നല്കുന്നത്. എന്നാൽ സാമ്പത്തിക തിരിമറികളുൾപ്പെടെയുള്ള ഗുരുതരമായ ക്രമക്കേടുകളിൽ ബാധ്യത നിശ്ചയിച്ച് തിരിച്ച് പിടിക്കുകയും ബന്ധപ്പെട്ടവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ